(ഡി) കടത്തിനു പുറമെയുള്ള സ്റ്റേറ്റിന്റെ ബാദ്ധ്യതകൾ എത്ര കോടി രൂപയുടേതാണ്; തിരികെ നൽകാനുള്ള ട്രഷറി നിക്ഷേപം എത്ര കോടിയുണ്ട്;

(ഇ) ഇപ്പോൾ പ്രതിവർഷം എന്തു തുക പലിശ ഇനത്തിൽ മാത്രമായി സംസ്ഥാനം നൽകേണ്ടി വരുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 30-11-2003 വരെയുള്ള പൊതു കടം 35189.67 കോടി രൂപ (അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുകളുടെ അടിസ്ഥാനത്തിൽ).

(ബി) കേന്ദ്ര സർക്കാരിൽ നിന്നും എടുത്ത വായ്പകൾക്ക് 6.5% മുതൽ 15% വരെ.

എൽ. ഐ. സി. വായ്പകൾ 8% മുതൽ 14% വരെ.

ജി. ഐ. സി. വായ്പകൾ 8% മുതൽ 14% വരെ.

നബാർഡ് വായ്പകൾ 6% മുതൽ 8.5% വരെ.

എൻ. സി. ഡി. സി. വായ്പകൾ 7.75% മുതൽ 16.75% വരെ.

മാർക്കറ്റ് ലോണുകൾ 5.9% മുതൽ 14% വരെ.

(സി) വകുപ്പുകൾ വഴി സർക്കാർ കടം എടുക്കുന്നില്ല.

(ഡി) പൊതു കടത്തിനു പുറമെയുള്ള സ്റ്റേറ്റിന്റെ ബാദ്ധ്യതകൾ 2988.72 കോടി രൂപയാണ്. തിരികെ നൽകാനുള്ള ട്രഷറി നിക്ഷേപം 8204.82 കോടി രൂപ (30-11-2003 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുകളുടെ അടിസ്ഥാനത്തിൽ).

(ഇ) 2002-2003-ൽ നൽകിയത് 2946.77 കോടി രൂപ.

സർക്കാർ പലിശ കൊടുക്കേണ്ട വായ്പയുടെ ആകെ തുക

11 [1018] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മാർച്ച് വരെ കേരള സർക്കാർ പലിശ കൊടുക്കേണ്ട വായ്പയുടെ ആകെ തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) 2003 മാർച്ച് വരെ കേരള സർക്കാർ പലിശ കൊടുക്കേണ്ട വായ്പയുടെ തുക എത്രയെന്ന് അറിയിക്കാമോ;

(സി) 2004 ജനുവരിയിൽ സംസ്ഥാന സർക്കാരിന്റെ ആകെ പലിശ കൊടുക്കേണ്ട കടം എത്രയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 31-3-2001 വരെ പലിശ കൊടുക്കേണ്ട വായ്പയുടെ ആകെ തുക 13729.23 കോടി രൂപ.

(ബി) 31-3-2003 വരെ പലിശ കൊടുക്കേണ്ട വായ്പയുടെ ആകെ തുക 18281.90 കോടി രൂപ.

(സി) 30-11-2003 വരെയുള്ള താല്ക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ. ആയതിനാൽ അന്തിമ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

ധനകാര്യവകുപ്പ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൻമേൽ നടപടി

12 [1019] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പ് ഏതെല്ലാം വകുപ്പിൽ പരിശോധന നടത്തി എന്നും ഏതെല്ലാം വകുപ്പുകളിൽ ക്രമക്കേട് കണ്ടെത്തി യെന്നും വിശദമാക്കുമോ;

(ബി) ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ഏതൊക്കെ വകുപ്പുകളിലെ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ നടപടിക്ക് ശുപാർശ ചെയ്തുവെന്ന് വെളിപ്പെടുത്തുമോ:

(സി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ നടത്തുന്ന സൗജന്യ കമ്പ്യൂട്ടർ പരിശീലന പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവാദികൾ ആരൊക്കെയാണെന്നും അവർക്കെതിരെ എന്തുനടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ;

(ഡി) ആരോഗ്യവകുപ്പിൽ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ക്രമക്കേട് നടന്നു എന്ന് വിശദമാക്കുമോ; ആരോഗ്യ പരിപാലനത്തിന്റെ തുക ഏതെല്ലാം മറ്റാവശ്യങ്ങൾക്കുവേണ്ടി ചെലവിട്ടുവെന്ന് വ്യക്തമാക്കുമോ; ഏതൊക്കെ ഉദ്യോഗസ്ഥർ ക്കെതിരെ നടപടി ശുപാർശ ചെയ്തുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരോഗ്യം, കൃഷി, വിദ്യാഭ്യാസം, വ്യവസായം, തൊഴിൽ, തദ്ദേശസ്വയംഭരണം, പൊതുമരാമത്ത്, റവന്യൂ, പട്ടികജാതി പട്ടികവർഗ്ഗക്ഷേമം, നികുതി, ഗതാഗതം, ജലവിഭവം തുടങ്ങിയ വകുപ്പുകളിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധനയെ തുടർന്ന് ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ മറ്റു സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പരിശോധന നടത്തിയിട്ടുണ്ട്.

(ബി) വകുപ്പു തിരിച്ചുള്ള പട്ടിക ഇതോടൊപ്പം ചേർക്കുന്നു.

(സി) ഇതു സംബന്ധിച്ച് പ്രാഥമിക അന്വേഷണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly